## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.10 — 23.01.2018 ൽ മറുപടിയ്ക്ക്

### നെല്ലുസംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ നിശ്ചയിച്ച താങ്ങുവിലയിൽ സംഭരണം നടത്തി, അരിയാക്കി മാറ്റി സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ന്യായവില ഷോപ്പുകൾ വഴി വിറ്റഴിക്കുന്ന, സഹകരണ പൊതുമേഖലാ മില്ലുടമകൾക്ക് നെല്ല് സംഭരണത്തിനായി മാറ്റി വയ്ക്കുന്ന സബ്സിഡി നൽകുന്നകാര്യം പരിഗണിക്കുമോ; | (എ) നെല്ല് സംഭരണ പദ്ധതി പ്രകാരം നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണത്തിനായി കേന്ദ്ര പൂളിലേയ്ക്ക് നൽകുന്നപ്രക്രിയയിലാണ് സംസ്ഥാന പ്രോത്സാഹന ബോണസ് നൽകുന്നത്. ന്യായവില ഷോപ്പുകൾ വഴി അരിവിറ്റഴിക്കുന്ന സഹകരണ/പൊതുമേഖലാ മില്ലുകൾക്ക് സബ്സിഡി നൽകുന്നകാര്യം പരിഗണിച്ചു വരുന്നു. |
| (ബി) നെല്ലുസംഭരണ പദ്ധതിയുടെ കൈകാര്യചെലവ് കേന്ദ്രസർക്കാർ നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി കേന്ദ്ര പൂളിലേയ്ക്ക് പൊതുവിതരണത്തിനായി തിരികെ നൽകുന്ന അരിയ്ക്ക് കൈകാര്യചെലവ് ഉൾപ്പെടെ കിലോഗ്രാമിന് 29.26 രൂപ കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്. |
| (സി) നെല്ലുസംഭരണ പ്രക്രിയയിൽ കഴിഞ്ഞ സീസണിൽ സംഭരിച്ചതിനെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) 2016-17 സീസണിൽ സംസ്ഥാനത്തുനിന്നും ആകെ 4.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരുന്നു. 2017 -18 സീസണിൽ നാളിതു വരെ 1.4 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ടി സീസൺ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം 2018 ജനുവരി 31-നാണ് അവസാനിയ്ക്കുന്നത്. |
| (ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും നെല്ല് കൊണ്ട് വന്ന് സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) കരിനിലങ്ങളിൽ സംഭരിക്കുന്ന നെല്ലിനും, കീടശല്യം മൂലം ഗുണനിലവാരം മോശമായ നെല്ലിനും കർഷകർക്ക് നൽകുന്ന സംഭരണ തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ പിടിച്ചുവാങ്ങുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) സംഭരണം നടത്തുന്ന സന്ദർഭങ്ങളിൽ ചിലയിടങ്ങളിൽ ഈ പരാതികൾ ഉയർന്നുവരാറുണ്ട്. അപ്പോഴെല്ലാം യഥാസമയം ഇടപെടൽ നടത്തി പരിഹാരം കാണാറുണ്ട്. |

സെക്ഷൻ ഓഫീസർ